MR. PRESIDENT: The motion has alredy been admitted. It would be discussed at 4 P. M. tomorrow.

MR. ABDUL RAZAAK: May I suggest that it may be posted to this afternoon?

MR. PRESIDENT: I have already posted it to tomorrow.

MR. K. K. CHELLAPPAN PILLAI: On a point of order. If it is posted for tomorrow, then if the first information report is taken and reported to the Court, from that moment it becomes *sub judice*. I want a ruling on the matter.

MR. PRESIDENT: That is anticipating the event.

MR. A. NESAMONY: With your permission, before we proceed with the business put down in the order paper of the day, may I remind the Chair that a ruling is due from the Chair on the point of order that has been raised by me?

MR. PRESIDENT: I have not forgotten that.

MR. A. NESAMUNY: We have got only one more official day.

LEGISLATIVE BUSINESS.

THE TRAVANCORE FACTORIES BILL—(*contd.*)

CLAUSE 104.

MR. K. P. NILAKANTA PILLAI: ഇന്നലെ എന്റെ ഭേദഗതിയെപ്പറ്റി ഞാൻ സംസാരിച്ചുകൊണ്ടിരുന്നപ്പോഴാണ് സഭ പിരിഞ്ഞത്. ആ ഭേദഗതി ഞാൻ ഒന്നുകൂടി വായിക്കാം.

"In sub-clause (1) substitute the words 'the aggrieved or any interested party' for the words 'or with the previous sanction in writing of an Inspector'.

ഇപ്പോൾ ബില്ലിലുള്ള ക്ലോസ് അനുസരിച്ച് ഒരു ഫാക്ടറിക്കകത്തു് എന്തെങ്കിലും കുറ്റകരങ്ങളായ സംഗതികൾ നടക്കുന്നപക്ഷം ഇൻസ്പെക്ടരുടെ രേഖാമൂലമായ അനുമതിക്കുടാതെ ഒരു അന്യായം കൊടുക്കുന്നതിനോ പരിഹാരം നേടുന്നതിനോ മാർഗ്ഗം ഇല്ലാതെയാണിരിക്കുന്നതു്. അതു മാറി സങ്കടക്കാരനോ അല്ലെങ്കിൽ അയാളോടു് ഇൻട്രസ്റ്റുള്ള ആരെങ്കിലുമോ വിചാരിക്കുന്നപക്ഷം ഇൻസ്പെക്ടരുടെ അംഗീകാരംക്കുടാതെതന്നെ ഒരു കേസ്സുകൊടുക്കണമെന്നുള്ളതാണ് എന്റെ അമൻഡുമെന്റുകൊണ്ടുദ്ദേശിക്കുന്നതു്. ഫാക്ടറികളിൽ പല തരത്തിലുള്ള കുറ്റങ്ങൾ ഉണ്ടാകാം. ആ സമയത്തെല്ലാം ഇൻസ്പെക്ടറന്മാരുടെ രേഖാമൂലമായ പെർമിഷൻ ഇല്ലാതെ കോടതിയിൽ അന്യായം കൊടുക്കാൻ പാടില്ലെന്നു് പറയുന്നതു് ന്യായമാണെന്നു് എനിക്കു തോന്നുന്നില്ല. വലിയ ആക്സിഡൻറുകളോ മറ്റു് അഫൻസുകളോ ഉണ്ടായേക്കാം. എന്തെങ്കിലും കാരണവശാൽ ഇൻസ്പെക്ടറന്മാർ സ്ഥലത്തില്ലാതെപോയാൽ അദ്ദേഹത്തിന്റെ അംഗീകാരംക്കുടി കിട്ടിയെങ്കിലല്ലാതെ ഒരാൾക്കു് കേസുകൊടുക്കുന്നതിനു് അധികാരമില്ലെന്നു നിയമ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളിൽ വ്യവസ്ഥചെയ്യുന്നപക്ഷം പല വിധത്തിലുള്ള സങ്കടങ്ങൾക്കും ഇടയാകും. അതു് ഒരിക്കലും ന്യായീകരിക്കത്തക്കതല്ല. അതുകൊണ്ടു് സങ്കടക്കാരനോ സങ്കടക്കാരനോടു് ഇൻറെറസ്റ്റുള്ള ആരെങ്കിലുമോ കോടതിയിൽ അന്യായം കൊടുക്കുന്നതിനുള്ള അധികാരം ഉണ്ടായിരിക്കണമെന്നാണു് ഞാൻ പറയുന്നതു്. ഈ ക്ലാസ്സു് ഭേദഗതിചെയ്യാതെ ഇതേപടി സ്വീകരിക്കുന്ന പക്ഷം നിലവിലിരിക്കുന്ന പീനൽകോഡു് അനുസരിച്ചുള്ള അവകാശം കൂടി എടുത്തുകളകയല്ലേ എന്നു ഞാൻ സംശയിക്കുന്നു. അങ്ങനെ പ്രത്യേകം ഒരു നിയമ നിർമ്മാണംമൂലം പൊതുവായി പീനൽകോഡിലും ക്രിമിനൽ നടപടിനിയമത്തിലും കൊടുത്തിട്ടുള്ള അവകാശങ്ങൾ എടുത്തു കളയുന്നതു് എത്രമാത്രം ശരിയായിരിക്കുമെന്നു് ഈ സഭ ആലോചിക്കേണ്ടതാണു്. ന്യായമായ സങ്കടപരിഹാരത്തിനുള്ള അവകാശം തൊഴിലാളികൾക്കു് കൊടുക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഞാൻ ഭേദഗതി സഭയുടെ അംഗീകാരത്തിനായി അവതരിപ്പിച്ചുകൊള്ളുന്നു.

MR. P. S. NATARAJA PILLAI: I second the motion.

MR. P. BALAKRISHNAN TAMPI: The provision for the Chief Inspector's permission is needed for a very good reason.

Can I use the mike over there?

MR. PRESIDENT: Not the President's mike. (*Laughter.*)

MR. P. BALAKRISHNAN TAMPI: I mean one of those mikes down below.

MR. PRESIDENT: You have to speak from your place.

MR. P. BALAKRISHNAN TAMPI: I am compelled to oppose the clause. This is a safe protection for the employer and the employee so that a man may not be troubled for a multiplicity of actions, by a number of frivolous actions. It is essential that an Inspector's permission should be had before a man goes up for prosecution. My learned and honourable friend Mr. K. P. Nilakanta Pillai, when probably believing that this is a Penal Code affair, obviously forgot that this is not a substantive criminal offence. When an enactment makes it an offence, it is highly essential that there should be provision that it should not be abused. Take the instance of an employer with 500 employees and suppose employees take it into their head that each of them should prefer a complaint in a court every day in a month. If there is this provision, the Inspector will look to it whether there is any reasonable cause for a man to go to a court of law. Therefore, it is highly essential that we should all oppose this amendment and accept the clause as it is in the draft bill.

LIBRARY ARCHIVES Kerala Legislative Assembly

Mr. P. T. CHACKO : സർ, ഞാൻ ഈ ഭേദഗതിയെ പിൻതാങ്ങുന്നു. ബില്ലിൽ ഇപ്പോഴിരിക്കുന്ന ക്ലോസ് വകുപ്പനുസരിച്ച് ഒരു ഫാക്ടറിയിൽ ഉണ്ടാകുന്ന കുറ്റങ്ങളെ സംബന്ധിച്ച് ഫാക്ടറിയിൽ ജോലിക്കാക്കെങ്കിലുമോ അല്ലെങ്കിൽ അവർ ഉൾപ്പെട്ടിട്ടുള്ളതും ഗവണ്മെന്റ് അംഗീകരിച്ച പ്രോബേഷനം നടത്തിക്കൊണ്ടിരിക്കുന്നതുമായ അവരുടെ സംഘടനയ്ക്കോ പരാതിപ്പെടുന്നതിന് അവകാശം ഉണ്ടായിരിക്കുകയില്ല. സാധാരണഗതിയിൽ ഒരു വലിയ ഫാക്ടറിയിലാണെങ്കിൽ ഫാക്ടറി ഉടമസ്ഥന് എതിരായിട്ട് പലപ്പോഴും ഫാക്ടറിയിലെ ഒരു ജോലിക്കാരന് നിൽക്കാൻ കഴിയുകയില്ലെന്നുള്ളതു് സുപ്രത്തികമായ ഇന്നത്തെ സ്ഥിതിഗതികളെപ്പറ്റി അറിവുള്ള ആർക്കും വളരെ വ്യക്തമായി കാണാവുന്നതാണ്. ആ സ്ഥിതിക്ക് ഫാക്ടറി ഇൻസ്പെക്ടറന്മാരുടെ അനുവാദത്തോടുകൂടി (അതായതു് ഒരു ഭാരംകൂടി ചുമത്തിക്കൊണ്ട്) കൊണ്ടുവരുന്ന പരാതികളിന്മേൽമാത്രമേ നടപടി നടത്താവൂ എന്നു പറയുന്നതുകൊണ്ട് പലയവസരങ്ങളിലും യാതൊരു പരാതിയും ഉണ്ടാകാതിരിക്കാനും നടപടികളൊന്നും നടക്കാതിരിക്കുന്നുമാണ് എളുപ്പമുള്ളതു്. കഴിഞ്ഞകാലങ്ങളിലെ ഏതു സംഭവങ്ങൾ വേണമെങ്കിലും ഇതിനുദാഹരണങ്ങളായി ചൂണ്ടിക്കാണിക്കാൻ കഴിയും. ഹൈപ്പോത്തിറ്റിക്കലായിട്ട് ഒരുദാഹരണം മാത്രം ഇവിടെ പറയാമെന്നു വിചാരിക്കുന്നു. ഒരു ജോലിക്കാരനെ ഒരു മുതലാളി പെടോൾ കുടിപ്പിച്ചു എന്നൊരു കേസുണ്ടായി എന്നിരിക്കട്ടെ. അങ്ങനെ ഒരു കേസുണ്ടായിക്കഴിഞ്ഞാൽ കഴിഞ്ഞകാലത്തെ സംഭവങ്ങളുടെ വെളിച്ചത്തിൽ ആ കേസു വിചാരണയ്ക്കുവരുമ്പോൾ "മുതലാളി തന്നെ പെട്രോൾ കുടിപ്പിച്ചിട്ടില്ല, മറ്റാരോ ആണ് പെട്രോൾ കുടിച്ചതു്" എന്നു പറയത്തക്കവണ്ണം തൊഴിലാളിയെ പ്രേരിപ്പിക്കാനുള്ള സാമ്പത്തികമായ സ്വാധീനശക്തി മുതലാളിയുടെ പക്കലുണ്ട്. ആ സ്ഥിതിക്ക് കാരോവ്യക്തിയും ഫാക്ടറി ഇൻസ്പെക്ടരുടെ അനുവാദത്തോടുകൂടി മാത്രമേ പരാതി കൊടുക്കാവൂ അല്ലെങ്കിൽ കൊടുക്കുന്ന പരാതി കോടതി സ്വീകരിക്കാൻ പാടില്ല എന്നു വയ്ക്കുന്നതുകൊണ്ട് കുറ്റങ്ങൾ പല പ്രാവശ്യം ആവർത്തിച്ചാലും പരാതികൾ ഉണ്ടാകാതിരിക്കാനാണിടയുള്ളതു്.

MR. K. P. NILAKANTA PILLAI : ഈ ബില്ലിൽത്തന്നെ ക്ലോസ് വകുപ്പിൽ മൂന്നു മാസത്തിനകം കേസുകൊടുത്തില്ലെങ്കിൽപിന്നെ അതു കൊടുക്കാൻ പാടില്ലെന്നു വ്യവസ്ഥയുള്ളതായി അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

MR. P. T. CHACKO : ഈ നിയമപ്രകാരം കുറേകരമായി ഏ തെങ്കിലും ഒരു ഫാക്ടറി ഉടമസ്ഥൻ ചെയ്താൽ ആദ്യമായി ഇൻസ്പെക്ട രുടെ അനുവാദം വാങ്ങണം, അതുകഴിഞ്ഞു നു മാസത്തിനകം അ അനുവാദത്തോടുകൂടി അന്യായം കൊടുക്കണം. ക്രിമിനൽ പ്രൊസീ ഡിയർ കോഡിലെ വ്യവസ്ഥകൾ നോക്കുകയാണെങ്കിൽ ഗവണ്മെൻറി ന്റെയോ അല്ലെങ്കിൽ ചില പ്രത്യേക ആളുകളുടെയോ അനുവാദത്തോ ടുകൂടി മാത്രം അന്യായം കൊടുക്കേണ്ട ചില കുറങ്ങളുണ്ട്. എന്നാൽ അങ്ങനെയുള്ള കുറങ്ങൾ ഇതിൽ പറയുന്നതുപോലെയുള്ളവയല്ല. ഉദാഹരണത്തിന് ഒരു കോടതിയുടെ മുമ്പാകെ കള്ളത്തെളിവുകൾ കൊടുത്തതിനെപ്പറ്റിയുള്ള കേസാണെങ്കിൽ ആ കോടതിയുടെ അനു വാദത്തോടുകൂടി മാത്രമേ അന്യായം കൊടുക്കാവൂ എന്നുണ്ട്. അത്തരം കേസുകൾക്കും ഈ കേസുകൾക്കും തമ്മിൽ യാതൊരു ബന്ധവുമില്ല. ഈ ഫാക്ടറീസ് ആക്ടിൽ വ്യവസ്ഥചെയ്തിട്ടുള്ള കുറങ്ങളെല്ലാം ഫാക്ടറികളെ സംബന്ധിച്ചിടത്തോളം സാധാരണയായിട്ടുള്ളവയാണ്. അതുകൊണ്ട് ഇത്തരം കേസുകൾ ഇൻസ്പെക്ടരുടെ അനുവാദത്തോ ടുകൂടിയേ കൊടുക്കാവൂ എന്നു പറഞ്ഞാൽ ജോലിക്കാർക്ക് വളരെ അസൗ കര്യങ്ങളും കഷ്ടതകളും ഉണ്ടാകുന്നതാണ്. അന്യായംകൊടുക്കുന്നതിനുള്ള അവകാശം ഫാക്ടറിയിലെ ജോലിക്കാർക്ക് മാത്രമല്ല അവരിൽ താൽപ ര്യമുള്ള ആളുകളിൽ ആർക്കെങ്കിലുംപോലും ഉണ്ടായിരിക്കേണ്ടതാണ്. ഞാൻ ആദ്യമേ സൂചിപ്പിച്ചതുപോലെ സാമ്പത്തികമായ ശക്തിയുള്ളവൻ ഫാക്ടറി ഉടമസ്ഥനിൽ കേന്ദ്രീകരിച്ചിരിക്കുന്നിടത്തോളം കാലം ഒരു ജോലിക്കാരന് ഒരു പരാതി കൊടുക്കാനോ അതു വിജയകരമായി നട ത്തിക്കൊണ്ടുപോകാനോ സാധിക്കാതെ വരും. ഒരു അന്യായം കൊടുത്തു വിജയകരമാക്കാനുള്ള സാമ്പത്തികമായ കഴിവുകളും ഒരു തൊഴിലാളിക്ക് ഉണ്ടായിരിക്കുകയില്ല.

MR. K. P. NILAKANTA PILLAI : May I bring to the notice of the hon'ble member that in an extreme case a lady worker in a factory may confine in the factory ?

MR. P. T. CHACKO : May be. അതുകൊണ്ട് ഇങ്ങനെയുള്ള സംഗതികളിൽ അന്യായം കൊടുക്കുന്നതിന് ജോലിക്കാർക്കും അതുക്ക ടാതെ അവരോട് താൽപര്യമുള്ള ആർക്കും അവകാശം ഉണ്ടായിരിക്കേണ്ട താണ്. ജോലിക്കാരുടെ സംഘടനകളെ ഗവണ്മെൻറിൽ നിന്നും പ്രോ ത്സാഹിപ്പിച്ചുവരുന്നുണ്ട്. അവക്ക് സംരക്ഷണം നൽകുന്നതിനായി ഈ

LIBRARY ARCHIVES Kerala Legislative Assembly

നിയമസഭയിൽ കഴിഞ്ഞതവണ പാസ്സാക്കിയിട്ടുള്ള പല നിയമങ്ങളിലേയും വ്യവസ്ഥകളനുസരിച്ചു ഈ സംഘടനകളെ ഫാക്ടറി ഉടമസ്ഥന്മാർ അംഗീകരിക്കണമെന്നും അംഗീകരിക്കാത്തപക്ഷം അംഗീകരിപ്പിക്കുന്നതിനുള്ള അവകാശം ഗവണ്മെൻറിനുണ്ടെന്നും വ്യക്തമാണ്. അങ്ങനെയുള്ള സംഘടനകൾക്കുകൂടി ഒരു ഫാക്ടറി ഉടമസ്ഥൻ കുറവു ചെയ്യുകയാണെങ്കിൽ അതേസംബന്ധിച്ചു പരാതികൊടുക്കുന്നതിന് അവകാശം ഉണ്ടായിരിക്കേണ്ടതു് തൊഴിലാളികളുടെ രക്ഷയ്ക്കു് ഏറ്റവും അത്യാവശ്യമാണ്. അതുകൊണ്ടു് ഫാക്ടറി ഇൻസ്പെക്ടറന്മാരുടെ അനുവാദത്തോടുകൂടിമാത്രമേ അന്യായംകൊടുക്കാൻ നിയമപ്രകാരം അവകാശമുള്ള എന്നുള്ള വ്യവസ്ഥമാറ്റി എന്റെ സ്നേഹിതന്റെ ഭേദഗതി സ്വീകരിക്കണമെന്നു് ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

MR. A. K. PATCHU PILLAI (*Peermade—General*): സർ, ഭേദഗതിയെ അനുകൂലിക്കുന്നതിനാണു് ഞാൻ ഇവിടെ എഴുന്നേറ്റുനിൽക്കുന്നതു്. തൊഴിലാളികളുടെ അവകാശങ്ങളേയും താൽപര്യങ്ങളേയും സംരക്ഷിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് ഈ ഫാക്ടറി ബിൽ ഇവിടെ നടപ്പിൽ വരുത്താൻ പോകുന്നതെന്നു് കാണാം. അങ്ങനെയിരിക്കെ ഒരു തൊഴിലാളിയുടെ പ്രാഥമികമായ അവകാശം, അതായതു് ഈ നിയമത്തിനു് വിധേയമായിരിക്കുന്ന ഏതെങ്കിലും കുറവു ഒരു ഫാക്ടറി ഉടമസ്ഥൻ പ്രവർത്തിച്ചാൽ അതിനു് ഒരു കോടതിമുഖാന്തരം പരിഹാരം നേടുന്നതിനുള്ള അവകാശം ഈ ക്ലാസ്സ് ഇതേപടി പാസ്സാക്കുന്നപക്ഷം നിഷേധിക്കുകയാണു ചെയ്യുന്നതു്. ന്യായമായ കാര്യങ്ങൾ സംഘടിച്ചു കിട്ടുന്നതിനുള്ള അവകാശം ഇടതുകൈകൊണ്ടു് കൊടുക്കുകയും അതേ സമയം വലതുകൈകൊണ്ടു് തട്ടിക്കളയുകയും ചെയ്യുന്നതുപോലെ ആണു് ഈ നിയമം. അതുകൊണ്ടു് ഈ ക്ലാസ്സ് ഒരിക്കലും ഇതേപടി പാസ്സാക്കാൻ പാടില്ല. അതിനാൽ ശ്രീമാൻ കെ. പി. നീലകണ്ഠപ്പിള്ളയുടെ ഭേദഗതിയെ തൊഴിലാളികളുടെ അവകാശങ്ങൾ സുരക്ഷിതമാക്കുന്നതിനുവേണ്ടി സ്വീകരിക്കണമെന്നു് ബഹുമാനപ്പെട്ട തൊഴിൽവകുപ്പുമന്ത്രിയോടും മറ്റു സാമാജികന്മാരോടും അപേക്ഷിച്ചുകൊള്ളുന്നു.

MR. E. P. POULOSE: ഞാൻ ഭേദഗതിയെ എതിർക്കുകയാണു് ചെയ്യുന്നതു്. സാധാരണ ഫാക്ടറികളിൽ ഉണ്ടാകുന്ന കുറങ്ങളെ സംബന്ധിച്ചു് കേസു കൊടുക്കുന്നതിനുമുമ്പു് ഫാക്ടറി ഇൻസ്പെക്ടരുടെ രേഖാമൂലമായ അനുവാദം വാങ്ങിയിരിക്കണമെന്നാണു് ഈ സെക്ഷനിൽ

LIBRARY ARCHIVES Kerala Legislative Assembly

[Mr. E. P. Poulose]

പറയുന്നതു്. ഈ രൂപം, ഈ വിധത്തിൽ തന്നെ ഇരിക്കുന്നതുകൊണ്ടു് വളരെയധികം കുഴപ്പങ്ങൾ ഉണ്ടാകുമെന്നു സമ്മതിക്കാം. പല കേസുകൾക്കും അനുവാദം നിഷേധിച്ചു എന്നു വരാം. എന്നാൽ ഈ ഭേദഗതിയിൽ പറയുന്നതുപോലെ the aggrieved or interested party എന്നു പറയുമ്പോൾ ഒരു കേസു കൊടുക്കുന്നതിനുള്ള അവകാശം വളരെ വളരെ വിപുലപ്പെടുത്തുകയാണു് ചെയ്യുന്നതു. Any interested party എന്നു പറഞ്ഞാൽ ഒരാളുടെ വളരെ അകന്ന ഒരു ചാച്ചുക്കാരനുപോലും കേസു കൊടുക്കാം. തൊഴിലാളിപ്രസ്ഥാനത്തിൽ താൽപ്പര്യമുള്ള ഒരാളിനുപോലും ഒരു കേസു കൊടുക്കാൻ ഇതുകൊണ്ടു് അവകാശമുണ്ടെന്നുപോലും വ്യാഖ്യാനിക്കാം. Interested party ആരാണെന്നു് വ്യക്തമാക്കാത്തിടത്തോളകാലം ഇങ്ങനെ ഒരു അവകാശം കൊടുക്കുന്നതു് അനാവശ്യമായി കേസുകൾ വർദ്ധിപ്പിക്കുന്നതിനു് സഹായകമായിരിക്കും. എന്റെ സ്നേഹിതൻ മി. ചാക്കോ പറയുകയുണ്ടായി ക്രിമിനൽ പ്രൊസീഡിയർ കോഡിൽ ഈ മാതിരി വ്യവസ്ഥകൾ വച്ചിരിക്കുന്നതു് അസാധാരണമായ കേസുകൾക്കാണെന്നു്. ഇൻവെസ്റ്റിഗേറ്റിംഗ് ആഫീസർ ഒരു ഉദ്യോഗസ്ഥനോടോ, കോടതിയോടോ മുമ്പാകെ കള്ളമായി ഒരു പരാതി കൊടുത്താൽ ആർക്കെതിരായി പരാതിപ്പെട്ടുവോ, ആ ആളിനു് പരാതി കൊടുത്ത ആളിന്റെ പേരിൽ കേസു് കൊടുക്കുന്നതിനുള്ള അവകാശം മുമ്പുണ്ടായിരുന്നു. എന്നാൽ പല വ്യക്തികളും ഈ അവകാശം ദുരുപയോഗപ്പെടുത്തുകയും ഈ മാതിരിയുള്ള കേസുകളുടെ സംഖ്യ ക്രമാതീതമായി വർദ്ധിപ്പിക്കുകയും ചെയ്തതുനിമിത്തം പുതിയ ക്രിമിനൽ പ്രൊസീഡിയർകോഡിൽ ഈ അവകാശപരാതിയെപ്പറ്റി അന്വേഷിക്കുന്ന ഉദ്യോഗസ്ഥനോ കോടതിക്കോ മാത്രമായി പരിമിതപ്പെടുത്തിയിരിക്കുകയാണു്.

MR. P. T. CHACKO: ഒടുവിൽ പറഞ്ഞതു ശരിക്കു മനസ്സിലായില്ല. ഒന്നുകൂടി പറഞ്ഞാൽ കൊള്ളാം.

MR. PRESIDENT: No. No. He is not allowed to repeat.

MR. P. T. CHACKO: Does the Honourable member say that the Investigating Officer is the final authority in the matter?

MR. E. P. POULOSE: The Investigating Officer or some other officer to whom he may be subordinate.

MR. P. T. CHACKO: Even after a decision of the Investigating Officer, can an aggrieved party prefer a complaint in a court of law?

LIBRARY ARCHIVES Kerala Legislative Assembly

MR. E. P. POULOSE: Even if the aggrieved party never refers the matter to a court of law, the Inspector or an officer to whom the Inspector is subordinate can prefer a complaint against the party who files the false complaint. Hence there is no question of court of law here.

MR. P. T. CHACKO: Will the Honourable Member give the provision of law which he refers to?

MR. E. P. POULOSE: Section 190 of the Criminal Procedure Code.

MR. E. P. POULOSE: അതുകൊണ്ട് ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. വളരെയധികം കേസുകൾ ഉണ്ടാകുന്നതിന് ഈ ഭേദഗതി സഹായിക്കുമെന്നുള്ളതുകൊണ്ടാണ് ഞാൻ ഇതിനെ എതിർക്കുന്നത്. Any person aggrieved എന്ന മാത്രമായിരുന്നു ഭേദഗതിയെങ്കിൽ സ്വീകരിക്കാമായിരുന്നു.

MR. K. P. NILAKANTA PILLAI: If the aggrieved party is dead?

MR. E. P. POULOSE: അങ്ങനെ വരുമ്പോൾ ഫാക്ടറി ഇൻസ്പെക്ടറോ ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനോ കേസു കൊടുക്കുന്നതിന് താൽപര്യമുള്ള ആളിന് അനുവാദം കൊടുക്കാം.

MR. P. T. CHACKO: If the aggrieved person is a minor?

MR. E. P. POULOSE: അങ്ങനെ വന്നാൽ വേറൊരാളിന് അന്യായം കൊടുക്കാമെന്ന് ക്രിമിനൽ പ്രൊസീഡിയർ കോഡിൽ വ്യവസ്ഥയുണ്ട്. ഇതുയും പറഞ്ഞുകൊണ്ട് ഞാൻ ഭേദഗതിയെ ശക്തിയായി എതിർക്കുന്നു.

MR. P. S. MUHAMMED: സർ, ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. അതിനു കാരണം ഇവിടെ എന്റെ സ്നേഹിതന്മാർ പറഞ്ഞ സാങ്കേതികമായ കാര്യങ്ങളൊന്നുമല്ല. ഒരു ഫാക്ടറിയിലെ തൊഴിലാളിക്ക് മുതലാളി ചെയ്യുന്ന കുറ്റത്തിന്മേൽ പരാതി കൊടുക്കണമെങ്കിൽ ഇൻസ്പെക്ടരുടെ മുൻകൂട്ടിയുള്ള രേഖാമൂലമായ അനുവാദം വാങ്ങിച്ചിരിക്കണമെന്ന് പറഞ്ഞതുകൊണ്ട് ഒരു പൗരൻ എന്നുള്ള നിലയിൽ ക്രിമിനൽ പ്രൊസീഡർകോഡ് അനുസരിച്ച് പരാതി ബോധിപ്പിക്കാനുള്ള അവകാശം പൊയ്പോകുന്നില്ല. ഇതിൽ പറയുന്ന കുറ്റങ്ങൾ ഫാക്ടറിക്കകത്ത് വച്ച് നടക്കുന്ന ചില പ്രത്യേകതരം കുറ്റങ്ങളാണ്. തൊഴിലാളികളുടെ നന്മയെ കരുതി അവരുടെ രക്ഷയ്ക്കുവേണ്ടി ചില പ്രത്യേക നിയമങ്ങൾ ഉണ്ടാക്കണമെന്നുള്ള ഉദ്ദേശത്തിൽ കൊണ്ടുവന്നിരിക്കുന്ന ഒരു നിയമമാണിത്. അങ്ങനെ തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി ഉണ്ടാക്കുന്ന ഈ നിയമത്തിൽ അവരുടെ ക്ഷേമത്തിനുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. S. Muhammed]

അവരുടെ സുഖസൗകര്യങ്ങളും ക്ഷേമവും അന്വേഷിക്കുന്നതിനു് നിയമിക്കപ്പെട്ടിട്ടുള്ള ഫാക്ടറി ഇൻസ്പെക്ടരെ കൂടി ബോദ്ധ്യപ്പെടുത്തി അവരുടെ സമ്മതത്തോടുകൂടി ഒരു കേസ് ബോധിപ്പിക്കണമെന്നു വച്ചിരിക്കുന്നതു് തൊഴിലാളികൾക്കുതന്നെ ഏറ്റവും ഗുണകരമായ ഒരു വ്യവസ്ഥയാണെന്നാണ് എനിക്കു തോന്നുന്നതു്. തൊഴിലാളികളുടെ ഗുണത്തിനു വേണ്ടി നിയമിക്കപ്പെട്ടിരിക്കുന്ന ഇൻസ്പെക്ടറന്മാർ എല്ലായ്പോഴും മുതലാളിയുടെ പക്ഷത്തു ചേർന്ന് കേസ് കൊടുക്കാനുള്ള അനുവാദം തൊഴിലാളിക്കു് നിഷേധിക്കുമെന്നു പറയുന്നതു് ശരിയല്ല. തൊഴിലാളികളുടെ കഷ്ടസ്ഥിതിയിൽ നമുക്കെല്ലാവർക്കും സങ്കടമുണ്ടെന്നുവരുകിലും പല രാഷ്ട്രീയകക്ഷികളും പാവപ്പെട്ട തൊഴിലാളികളെ ചൂഷണംചെയ്യുന്നതിനു് ശ്രമിച്ചുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ യാതൊരു നിയന്ത്രണവുമില്ലാതെ ആർക്കും കേസു കൊടുക്കാമെന്നുള്ള ഒരു ഭേദഗതി ഈ ക്ലാസിൽ വരുത്തുന്നപക്ഷം യാതൊരു കുഴപ്പങ്ങൾ ഉണ്ടാകാൻ എളുപ്പമുണ്ടു്. അതുകൊണ്ടു് ഈ നിയമത്തിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിനും നിയന്ത്രിക്കുന്നതിനും വേണ്ടി നിയമിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥന്റെ അനുവാദത്തോടുകൂടി മാത്രമേ കേസു കൊടുക്കാവൂ എന്നു വച്ചാൽ കള്ളമായി മുതലാളിയുടെ പേരിൽ കേസു കൊടുക്കുന്നതിനെ തടയുന്നതിനും നിയന്ത്രിക്കുന്നതിനും സാധിക്കും. പിന്നെ ഈ ഉദ്യോഗസ്ഥന്മാരെ തൊഴിലാളികൾക്കു് വിശ്വാസമില്ലെങ്കിൽ ചെറിയ വിഷമമുണ്ടായേക്കാം. എന്നാൽ ഈ തൊഴിലാളിക്കു ഇൻസ്പെക്ടറന്മാരെ വിശ്വസിക്കാതിരിക്കാൻ യാതൊരു കാരണവുമില്ല. തൊഴിലാളികൾക്കു് ഇൻസ്പെക്ടരോടു് വിശ്വാസമുണ്ടായിരിക്കണം. തൊഴിലാളികൾക്കു് പലവിധത്തിലും സ്വാധീനം കുറവാണെന്നു് എന്റെ സ്നേഹിതന്മാരെല്ലാം സമ്മതിക്കുന്ന ഒരു കാര്യമാണു്. ആ സ്ഥിതിക്കു് തൊഴിലാളികൾ നേരിട്ടു് കോടതിയിൽ പോകുന്നതിനെക്കാളും ഗുണകരമായിട്ടുള്ളതു് അവരുടെ ഗുണത്തിനുവേണ്ടി നിയമിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥനെ കൂടി അതു് ബോദ്ധ്യപ്പെടുത്തി അയാളുടെ അറിവോടും സമ്മതത്തോടുംകൂടി കേസു കൊടുക്കുന്നതാണു്. ഇൻസ്പെക്ടറന്മാർ അറിയാതെ കേസു കൊടുക്കണമെന്നുള്ള ഒരുദ്ദേശം തൊഴിലാളികൾക്കു് ഉണ്ടായിരിക്കയുമില്ല. യാതൊരു നിയന്ത്രണവും തടവും കൂടാതെ കേസുകൾ ഇരച്ചു കേറാൻ സൗകര്യമുണ്ടാക്കിവയ്ക്കുന്നതു് പ്രത്യേകിച്ചും ഇക്കാലത്തു് പല കുഴപ്പങ്ങൾക്കും ഇടയാകും. അതുകൊണ്ടു് ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. V. GANGADHARAN NAIR (*Quilon III—General*) : ഞാൻ ഭേ
ഗതിയെ അനുകൂലിക്കുന്നു. ഇവിടെ ഇന്ന് ഒരു തൊഴിലാളിഗവണ്മെ
ൻറ് അല്ലാത്തതുകൊണ്ട് ബില്ലിലെ വ്യവസ്ഥകൾ അതേപടി സ്വീക
രിച്ചാൽ തൊഴിലാളികളുടെ കേസുകൾ ഒന്നും കോടതിയിൽ വരുകയില്ല.
ആ സ്ഥിതിക്ക് ഈ വ്യവസ്ഥ ഉണ്ടായിരുന്നാൽ അതിന്റെ ആനുകൂല്യം
മുഴുവൻ ഇന്നത്തെ അവസ്ഥയിൽ മുതലാളികൾക്ക് ആയിരിക്കുമെന്ന
ുള്ളത് വളരെ വ്യക്തമാണെന്നുള്ളതുകൊണ്ട് ഇൻസ്പെക്ടറന്മാർക്ക് കൊടു
ത്തിരിക്കുന്ന അധികാരത്തെ ഞാൻ എതിർക്കുകയാണു ചെയ്യുന്നത്. ഇന്ന് നിലവിലുള്ളത് ഒരു തൊഴിലാളിഗവണ്മെൻറ് ആയിരുന്നുവെ
ങ്കിൽ ഈ വ്യവസ്ഥ അതേപടിതന്നെ സ്വീകരിക്കാമായിരുന്നു. ഇന്നത്തെ
അവസ്ഥ അതിന് എതിരാണ്. നിയമങ്ങൾ എല്ലാം മുതലാളിമാർക്ക്
അനുകൂലമായിരിക്കെ, നീതിപീഠത്തെ സമീപിക്കുന്നതിനുപോലും തൊഴി
ലാളികൾക്ക് സ്വാതന്ത്ര്യം നൽകാത്ത വ്യവസ്ഥയെ ഞാൻ എതിർക്ക
കയും ഭേദഗതിയെ അനുകൂലിക്കുകയും ചെയ്യുന്നു.

MR D. GNANASIGAMONI (*Kalkulam II—General*): Sir, I partly support Mr. K. P. Nilakanta Pillai's amendment and partly oppose it. My reason is this. The scheme of the Act is such that the Inspector holds a very important place. The powers of the Inspector is defind in Section 9 of the Act. There he is given all powers to carry out the purposes of this Act. And Section 81 of the Act is also very peculiar. I shall read the Section.

> "81. Any Inspector may institute proceedings on behalf of any worker to recover any sum required to be paid by an employer under this Chapter which the employer has not paid."

So that, even in respect of money due to the worker the Inspector also has been given the power to institute proceedings for the recovery of money due to a worker. No amendment has been moved to this section.

MR. P. T. CHACKO: It is not only that the Inspector can remove the worker and even can sue against him.

MR. D. GNANASIGAMONI: No doubt I agree with Mr. K. P. Nilakanta Pillai in that the aggrieved party must have the undisputed right to move the law. Therefore in my view the amendment must be like this. That is, "No Court shall take cognizance of any offence punishable under this Act except on complaint by the party aggrieved or the Inspector concerned." This, I am sure, must satisfy both Mr. K. P. Nilakanta Pillai and the minister concerned. I believe Mr. Nilakanta Pillai sees the reasoning behind this amendment, and will accept it.

LIBRARY ARCHIVES Kerala Legislative Assembly

MR. ABDULMA'EED : സർ, ശ്രീമാൻ കെ. പി. നീലകണ്ഠപ്പിള്ള അവർകളുടെ ഭേഗതിയെ അനുകൂലിക്കാനാണു ഞാൻ ഭാവിക്കുന്നതു്. തൊഴിലാളികളുടെ പ്രാഥമികമായ അവകാശങ്ങളിൽ പോലും കൈവയ്ക്കുന്ന ഒരു നിയമമായിട്ടാണു് ഞാൻ ഇതിനെ മനസ്സിലാക്കുന്നതു്. ഈ വ്യവസ്ഥയിൽ ഫാക്റ്ററിക്കകത്തു് വച്ചുനടക്കുന്ന എന്തെങ്കിലും കുറ്റത്തിനു് കേസു കൊടുക്കണമെങ്കിൽ ഫാക്റ്ററി ഇൻസ്പെക്ടരുടെ മുൻകൂട്ടിയുള്ള അനുവാദം വേണമെന്നു് പറഞ്ഞിട്ടുണ്ടു്. എന്റെ സ്നേഹിതൻ മി. പി. എസ്. മഹമ്മദ് പ്രസ്താവിക്കുകയുണ്ടായി തൊഴിലാളികൾക്കു് സാധാരണയായി നിയമമനുസരിച്ചു് കേസ്സു് കൊടുക്കാനുള്ള അവകാശം ഉണ്ടായിരിക്കും, ഫാക്റ്ററിക്കകത്തു് വച്ചുനടക്കുന്ന കുറ്റങ്ങൾക്കു മാത്രമേ ഫാക്റ്ററി ഇൻസ്പെക്ടരുടെ അനുവാദം ആവശ്യമുള്ളുവെന്നു്. എന്നാൽ ഇങ്ങനെയൊന്നും പറഞ്ഞാൽ സാധാരണക്കാർക്കു് മനസ്സിലാകുകയില്ല. സാധാരണക്കാരായ പാവപ്പെട്ട തൊഴിലാളികളുടെ പ്രാഥമികമായ അവകാശങ്ങളിൽ കൈവയ്ക്കുന്നതു് തൊഴിലാളികൾക്കും സാധുക്കൾക്കും വേണ്ടി നിലകൊള്ളുന്ന ഒരു ഗവണ്മെൻറിനു് വളരെ ആക്ഷേപകരമായ ഒരു സംഗതി ആണെന്നാണു് ഞാൻ മനസ്സിലാക്കുന്നതു്. അതുകൊണ്ടു് ഈ ഭേഗതി സ്വീകരിച്ചു് തൊഴിലാളികളുടെ അവകാശങ്ങളെ കൂടുതൽ സംരക്ഷിക്കുന്നതിനു് സൗകര്യമുണ്ടാക്കണമെന്നു് അഭ്യർത്ഥിച്ചുകൊള്ളുന്നു.

HON'BLE MR. KUNJIRAMAN : ഞാൻ ഈ ഭേഗതിയെ എതിർക്കുന്നു. ഇതിനെ അനുകൂലിച്ചു പ്രസംഗിച്ച പലർക്കും ഒരു ഭയം ഉള്ളതായിട്ടാണു് ഞാൻ കാണുന്നതു്. ഉദ്യോഗസ്ഥന്മാർ നീതിനിഷ്ഠരായിരിക്കുകയില്ലെന്നാണു് അവരുടെ വാദം. അല്ലാതെ ഈ നിയമത്തിൽ എന്തെങ്കിലും തകരാറുണ്ടെന്നു് അവർ വാദിച്ചതായി എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ല.

MR. P. T. CHACKO : Even if they are just should not be given the power to have a final decision on the matter investigated.

HON'BLE MR. N. KUNJURAMAN : പരാതി കൊടുക്കുന്ന കാര്യത്തെപ്പറ്റിയാണു് ഈ ക്ലാസിൽ പറയുന്നതു്. മി. ചാക്കോ ഉന്നയിച്ച വാദങ്ങൾ ഇവിടെ അപ്രസക്തങ്ങളാണെന്നു പറയേണ്ടിവന്നതിൽ വ്യസനിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളികളെ സംബന്ധിച്ച പലകാര്യങ്ങളും ഇവിടെ പ്രസ്താവിക്കുകയുണ്ടായി. എന്നാൽ അവയൊന്നും ഈ നിയമത്തോട് ബന്ധപ്പെട്ടവയല്ലാത്തതിനാൽ മറുപടി പറയണമെന്നു വിചാരിക്കുന്നില്ല. എന്നാൽ ഒരു സംഗതി പ്രത്യേകം പറയേണ്ടതായിട്ടുണ്ട്. എല്ലാക്കാലത്തും തൊഴിലാളികളും മുതലാളികളും ഇങ്ങനെ മത്സരം തുടർന്നുകൊണ്ടുപോകുന്നതു് ആശാസ്യമല്ല. തൊഴിലാളികളും മുതലാളികളും തമ്മിൽ ഒരു സൗഹൃദബന്ധം ഉണ്ടായിരിക്കണം. വ്യാവസായികഭദ്രത ഉണ്ടായിരിക്കണം. വ്യവസായങ്ങൾ വളർന്നു് പുഷ്ടിപ്പെടാനുള്ള ഒരു അന്തരീക്ഷം സംജാതമാക്കാൻ. അതിനു ശ്രീമാൻ. കെ. പി. നീലകണ്ഠപ്പിള്ളയുടെ ഭേദഗതി സ്വീകരിച്ചാൽ സാധ്യതകളുണ്ടോ എന്നു് നാം ആലോചിക്കണം. ഈ ഭേദഗതി സ്വീകരിച്ചാൽ ആർക്കും എപ്പോഴും വേണമെങ്കിലും മുതലാളിയുടെ പേർക്കു് കേസുകൊടുക്കാമെന്നുള്ള ഒരവസ്ഥയാണുണ്ടാകുന്നതു. അങ്ങനെയായാൽ കേസിനും ഒരു നിയന്ത്രണവും കാണുകയില്ല. ദിവസവും ധാരാളമായി malicious prosecutions തന്നെ ഉണ്ടായിക്കൊണ്ടിരിക്കും. 'Any interested party' എന്നു് പറയുകയാണെങ്കിൽ ഒരു ഫാക്ടറിയിൽ മിക്കവാറും എല്ലാ ദിവസവും ക്രിമിനൽ പ്രോസിക്യൂഷൻ നടക്കാനുള്ള സാദ്ധ്യതകൾ ഇനിയുണ്ടു്. അങ്ങനെ ഒരവസ്ഥ ഉണ്ടാകണമെന്ന ഉദ്ദേശം ശ്രീമാൻ കെ. പി. നീലകണ്ഠപ്പിള്ളയ്ക്കു ഉണ്ടോ എന്നു് എനിക്കു മനസ്സിലാകുന്നില്ല. മീ. ജ്ഞാനശിഖാമണി പറഞ്ഞതുപോലെ ഈ ബില്ലിലെ പ്രൊവിഷൻസ് നടപ്പിൽ വരുത്തുന്നതിനു മുതലപ്പെട്ട ഉദ്യോഗസ്ഥൻ ഫാക്ടറി ഇൻസ്പെക്ടരാണെന്നു് സെക്ഷൻ 8-ൽ പറഞ്ഞിട്ടുണ്ടു്. അതായതു്

"Subject to any rules made in this behalf, an Inspector may within the local limits for which he is ap-
Powers of Inspectors, pointed,—

(*a*) enter, with such assistants, being persons in the service of Our Government, or any local or other public authority, as he thinks fit, any place which is used or which he has reason to believe is used as a factory;

(*b*) make examination of the premises, plant and machinery require the production of any prescribed register and any other *document relating to the factory* and take on the spot or otherwise *statements* of any persons *which* he may *consider* necessary for carrying out the puposes of this Act;

LIBRARY ARCHIVES Kerala Legislative Assembly

[Hon'ble Mr. N. Kunjuraman.]

(c) exercise such other powers as may be prescribed * * * * for carrying out the purposes of this Act:

Provided that no person shall be *compelled* under this section to answer any question or give any evidence tending to incriminate himself".

ഇങ്ങനെയാണ് പറഞ്ഞിരിക്കുന്നത്. പിന്നെ ഇൻസ്പെക്ടറന്മാരുടെ അനുവാദത്തോടുകൂടി കേസുകൊടുക്കണമെന്ന് പറഞ്ഞാലും തൊഴിലാളി ഗവണ്മെൻറാണെങ്കിൽ തരക്കേടില്ലായിരുന്നു എന്ന് ഒരഭിപ്രായം പറഞ്ഞുകേട്ടു. അതുപറയാനുള്ളത് ഇത് ഇൻഡ്യാ ഗവണ്മെൻറ് സ്പീകരിച്ചിട്ടുള്ള ഒരു ക്ലാസാണ് ഇൻഡ്യയിലും സ്റ്റേറ്റുസിലും ലേബർ ലജിസ്ലേഷൻ മിക്കവാറും എല്ലായിടത്തും ഒരേ മാതിരി ആയിരിക്കണമെന്ന് ഇൻഡ്യാഗവണ്മെൻറിൻറ നിർദ്ദേശവും ലഭിച്ചിട്ടുണ്ട്.

MR. T. A. MOIDEEN KUNJU : ഇൻസ്പെക്ടരെപ്പറ്റി തൊഴിലാളികൾക്ക് പരാതിയുണ്ടെങ്കിൽ എന്താണ് ചെയ്യേണ്ടത്?

HON'BLE MR. N. KUNJURAMAN : അതിന് അധികാരസ്ഥാനങ്ങളിൽ പരാതി കൊടുക്കണം.

MR. T. A. MOIDEEN KUNJU : അതിനുള്ള സ്വതന്ത്ര്യമുണ്ടായിരിക്കണമെന്നാണ് ഭേദഗതികൊണ്ട് ആവശ്യപ്പെടുന്നത്.

HON'BLE MR. N. KUNJURAMAN : അങ്ങനെയല്ല ആവശ്യപ്പെട്ടിരിക്കുന്നത് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

MR. K. P. NILAKANTA PILLAI : പിന്നൽകോടതിയുടെ Office അനുമതിയുണ്ടെങ്കിൽ അതിന് കോടതിയിൽ കേസുകൊടുക്കുന്നതിന് അവകാശം നിഷേധിച്ചിട്ടുണ്ടോ?

HON'BLE MR. N. KUNJURAMAN : ഇല്ല ഇത് ഫാക്ടറികളെ സംബന്ധിക്കുന്ന ഒരു പ്രത്യേക നിയമമാണല്ലൊ.

The amendment was put to vote and lost.

LIBRARY ARCHIVES Kerala Legislative Assembly

MR. S. NILAKANTA AIYAR: Sir, I demand a poll.

(A Poll was taken and the House divided as follows:)

AYES (18).

1. Mr. T. A. Moideen Kunju
2. „ P. C. George
3. „ V. Gangadharan Nair
4. „ A. Abdul Razak
5. „ K. Ramakrishnan Asari
6. „ N. Daniel Jose
7. „ A. K. Pathu Pillai
8. „ P. K. Krishna Sastri
9. „ S. Nilakanta Iyer
10. Mr. K. K. Chellappan Pillai
11. „ P. T. Chacko
12. „ N. P. Varghese
13. „ P. S. Nataraja Pillai
14. „ K. P. Nilakanta Pillai
15. „ K. Velayudhan Nair
16. „ Abdul Majeed
17. „ Majeed Marikar
18. „ P. S. Muhammed

NOES (33).

1. Hon. Mr. N. Kunjuraman
2. „ „ A. J. John
3. „ „ T. K. Narayana Pillai
4. „ „ V. O. Markos
5. „ „ K. R. Elankath
6. „ Dr. E. K. Madhavan
7. Mr. K. A. Gangadhara Menon
8. „ G. Chandrasekhara Pillai
9. „ C. Narayana Pillai
10. „ K. Ramakrishna Pillai
11. „ A. V. Joseph
12. „ Philipose Muthalaly
13. „ Sankaran Nadar
14. „ Paulose
15. „ T. T. Kesavan Sastri
16. „ K. M. Korah
17. Mr. M. Pappu
18. „ Krishnan Ayyappan
19. „ S. Kuttan
20. „ Muhammed Mustafa
21. „ N. V. Chacko
22. „ P. Balakrishnan Tampi
23. „ Adichan
24. „ V. K. Varghese
25. „ Alexander Vakayil
26. „ C. Kesavan
27. Miss Accamma Cherian
28. Mr. R. Atchuthan
29. „ Raphael J. Rodriguez
30. „ Mannar Gopalan Nair
31. „ Kannara Gopala Panicker
32. „ T. A. Abdulla
33. „ Raman Pillai

NEUTRALS (20).

1. Mr. A. Nesamoney
2. „ K. Sivarama Pillai
3. „ D. Gnanasigamoni
4. „ A. Chidambara Natha Nadar
5. „ T. Kochukrishna Pillai
6. „ Chellaswami Nadar
7. „ D. Pounniah
8. „ S. Ambrose
9. „ P. Thanulinga Nadar
10. „ Sadasivan
11. Mr. A. Easwara Pillai
12. „ K. S. Joseph
13. „ M. Govindan
14. „ Cherian J. Kappan
15. „ Kumaran Asari
16. „ K. A. Mathew
17. Mrs. Devaki Gopidas
18. Mr. K. M. Chandy
19. „ U. K. Vasudevan Asari
20. „ Varghese Augustine

The amendment was lost.

LIBRARY ARCHIVES Kerala Legislative Assembly

MR. K. K. CHELLAPPAN PILLAI: സർ, സഭയ്ക്കകത്തിരിക്കുമ്പോൾ ഏതെങ്കിലും ഒരു മെമ്പർക്ക് ഒരു വശത്തും നിൽക്കാതിരിക്കാമോ ?

MR. PRESIDENT: ഒരു മെമ്പർക്ക് അനുകൂലിച്ചോ, പ്രതികൂലിച്ചോ, നിക്ഷപക്ഷമായോ നിൽക്കാൻ അവകാശം ഉണ്ട്.

MR. K. K. CHELAPPAN PILLAI: സർ, മി. മന്ത്രി പത്മനാഭപിള്ള അനുകൂലിച്ചതിലും ഇല്ല പ്രതികൂലിച്ചതിലും ഇല്ല. നിഷ്പക്ഷ കക്ഷിയിലുമില്ല. ഇങ്ങനെ ചെയ്യാമോ ?

MR. MANNATHU PADMANABHA PILLAI (*Puthanamthitta II—General*): സർ, ഇംഗ്ലീഷിൽ പറഞ്ഞതുകൊണ്ട് എനിക്കു മനസ്സിലായില്ല, അതേയുള്ളൂ.

MR. GANGADHARAN NAIR: ഒരു മെമ്പർക്കു സഭയിൽ ഇരുന്നു ഉറങ്ങാമോ ?

MR. PRESIDENT: പാടില്ല.

The question that Clause 104 do stand part of the bill was put and carried.

Clause 104 was added to the Bill.

CLAUSE 105.

MR. K. P. NILAKANTA PILLAI: I do not move the amendment.

The question that Clause 105 do stand part of the Bill was put and carried.

Clause 105 was added to the Bill.

CLAUSES 106 to 117.

The question that Clauses 106 to 117 do stand part of the Bill was put and carried.

Clauses 106 to 117 were added to the Bill.

SCHEDULE.

The question that the schedule do stand part of the Bill was put and carried.

The schedule was added to the Bill.

PREAMBLE.

The question that the preamble do stand part of the Bill was put and carried.

The preamble was added to the bill.

TITLE.

The question that the Title do stand part of the bill was put and carried.

The Title was added to the Bill.

HON'BLE MR. R. KUNJURAMAN: Sir, I move that the Travancore Factories Bill be passed subject to the following amendments. In Clause 1 for the figures "112" the figures "114" be substituted and

LIBRARY ARCHIVES Kerala Legislative Assembly

in Clause 3 for the word and figures "April 1949" the word and figures 'Mithunam 1124' be substituted.

MR. P. S. NATARAJA PILLAI: I think there is a rule, if an amendment has been accepted by the House, the final reading is not taken on the same day. Yesterday the amendment was accepted. The next day it was taken.

MR. PRESIDENT: The member suggests that the third reading may be postponed?

MR. P. S. NATARAJA PILLAI: I am not particular about its being postponed. But I want that the rule should be adhered to.

MR. PRESIDENT: If no objection is taken, the President can allow it.

MR. P. S. NATARAJA PILLAI: I take objection, Sir.

MR. P. T. CHACKO: May I point out that the amendments were passed only in the yesterday's session and not today? So there is no question of quoting the said rule.

HON'BLE MR. N. KUNJURAMAN: Rule 43 (2) says "If any amendment of the Bill is made, any member may object to any motion being made, on the same day, that the Bill be passed, and such objection shall prevail, unless the President, in his discretion, allows the motion to be made."

MR. P. S. NATARAJA PILLLI: It was not the case here.

HON'BLE MR. N. KUNJURAMAN: I submit, there is no ground in the objection taken by Mr. Nataraja Pillai.

MR. PRESIDENT: You press your objection, Mr. Nataraja Pillai?

MR. P. S. NATARAJA PILLAI: I want only the ruling, if it is declared that the same day means the same day in the same sitting.

HON'BLE MR. T. K. NARAYANA PILLAI: There is difference between the same day and the same sitting. The wording of the ruling is 'on the same day' on which the amendment was moved and accepted.

MR. PRESIDENT: I think there is not going to be any injustice done if the reading is allowed today. So under the rule quoted by Mr. P. S. Nataraja Pillai, in the discretion of the President, I allow the Minister to proceed with the third reading.

HON'BLE MR. N. KUNJURAMAN: I move that the Travancore Factories Bill be passed subject to the following amendment: In clause (1) for the figures '112' the figures '1124' be substituted and in clause (3) for the word and figures 'April 1949' the word and figures 'Mithunam 1124' be substituted.

HON'BLE MR. A. J. JOHN: I second it.

MR. PRESIDENT: I think the two amendments may be accepted as they are only consequential amendments.

The amendments were adopted by the House.

The question that the Bill as amended be passed was put and carried.

The Bill was passed.

The House adjourned for lunch at 1 P. M. and reassembled at 2 P. M. with the President in the chair.

LIBRARY ARCHIVES Kerala Legislative Assembly